(18) തേനാംപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പണി ത്വരിതപ്പെടുത്തണമെന്ന ആവശ്യം

ശ്രീ. എം. പി. താമി : സർ, തൃത്താലയിൽ ഞാക്കാട്ടി എന്ന പ്രദേശത്ത് 1970-ൽ തുടങ്ങിയതാണ് തേനാംപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി. കഴിഞ്ഞകൊല്ലം നാലുലക്ഷം രൂപയായിരുന്നു ബഡ്ജറ്റിലുണ്ടായിരുന്നത്. ഈ പ്രാവശ്യം ഒരു ലക്ഷം രൂപയാണുള്ളത്. 36 ലക്ഷം രൂപയാണ് 1970-ൽ അംഗീകരിച്ചിട്ടുള്ള എസ്റ്റിമേറ്റ് തുക. ഈ പദ്ധതി എരുമറക്കോട്, നാഗലശ്ശേരി, തൃത്താല എന്നീ മൂന്നുപഞ്ചായത്തുകളിലെ നെൽകൃഷിക്കാരെയും പറമ്പുകൃഷിക്കാരെയും ഒരുപോലെ സഹായിക്കാൻ ഉപകരിക്കുന്ന ഒരു പദ്ധതിയാണ്. പദ്ധതി ചുവപ്പുനാടയിൽപ്പെട്ടു കിടക്കുന്നു. കൃഷിക്കാർ പൊരിവെയിലത്ത് കിടക്കുന്നു. അതുകൊണ്ട് ഈ പദ്ധതി അടിയന്തിരമായി നടപ്പിലാക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ബേബിജോൺ) : സർ, തൃത്താല എരുമറക്കോട് പഞ്ചായത്തുകളിലെ കൃഷിക്ക് പ്രയോജനപ്പെടണമെന്ന ലക്ഷ്യം വെച്ചുകൊണ്ട് തയ്യാറാക്കിയതാണ് തേനാംപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി. 37 ലക്ഷം രൂപയ്ക്കുള്ള എസ്റ്റിമേറ്റിന്റെ പദ്ധതിക്ക് 1986-ൽ ഭരണാനുമതി നൽകി. ഈ സ്കീമിന്റെ കനാലിന്റെ പണി പൂർത്തിയായിട്ടുണ്ട്. പമ്പ് ഹൗസ് നിർമ്മിക്കുന്നതിനും പൈപ്പിടുന്നതിനും മറ്റുമുള്ള ബാക്കി ജോലികൾ ചെയ്യുന്നതിനു വേണ്ടി രണ്ട് പ്രാവശ്യം ടെൻഡർ വിളിച്ചെങ്കിലും ടെൻഡർ ലഭിച്ചിരുന്നില്ല. 23-5-1990-ൽ അവസാന തീയതി വച്ച് വീണ്ടും ടെൻഡർ ക്ഷണിച്ചു. അപ്പോൾ ഒരു ടെൻഡർ ലഭിക്കുകയുണ്ടായി. എസ്റ്റിമേറ്റ് തുകയേക്കാൾ 87 ശതമാനം കൂടുതലാണ് അത്. എഞ്ചിനീയർമാരുടെ കമ്മറ്റി ഈ ടെൻഡർ ഉറപ്പിച്ചു കഴിഞ്ഞു. ഇനി കോൺട്രാക്ടർ ജോലി തുടങ്ങിയാൽ മതി.

(19) താനൂർ കടലോര മൽസ്യത്തൊഴിലാളികളുടെ ബുദ്ധിമുട്ടുകൾ

ശ്രീ. ഇ. അഹമ്മദ് : സർ, എട്ടാം നിയമസഭയുടെ ആരംഭത്തിൽത്തന്നെ ഞാൻ ഇവിടെ ഉന്നയിച്ചിരുന്ന പ്രശ്നം നിയമസഭയുടെ അവസാനദിവസമായ ഇന്നും ഉന്നയിക്കുകയാണ്. താനൂർ കടലോര പ്രദേശങ്ങളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ നീറുന്ന പ്രശ്നം പലപ്പോഴും ഉന്നയിച്ചിട്ടും അതിനുവേണ്ട പ്രതിവിധി കണ്ടില്ലെന്ന പരിഭവത്തോടുകൂടിത്തന്നെയാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ ഇപ്പോഴും ഈ പ്രശ്നം കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്. മത്സ്യ ഫെഡ്ഡിൽ നിന്ന് അവിടത്തെ മത്സ്യത്തൊളിലാളികളിൽ അർഹരായ പലർക്കും ബോട്ടുകൾ കൊടുക്കുന്നില്ല, വല കൊടുക്കുന്നില്ല, സഹകരണ സംഘങ്ങളിൽ അംഗത്വം കൊടുക്കുന്നില്ല. അവരുടെ യാതൊരാവശ്യവും വകവച്ചുകൊടുക്കുന്നില്ല. സ്വാഭാവികമായും താനൂർ പ്രദേശത്തെ മത്സ്യത്തൊഴിലാളികളുടെ സഹകരണസംഘങ്ങളിൽ കൂടുതൽ അംഗത്വം കിട്ടുന്നത് ആർക്കാണെന്ന് ബഹുമാനപ്പെട്ട മന്ത്രിക്കും ഉദ്യോഗസ്ഥൻമാർക്കും ഗവൺമെൻറിനും അറിയാം. പലപ്പോഴും ഈ പ്രശ്നം സഭയിൽ പറഞ്ഞിട്ടുപോലും അത് നിറവേറ്റപ്പെട്ടിട്ടില്ല. ഇന്ന് കഴിഞ്ഞാൽ നാളെ കെയർടേക്കർ ഗവൺമെൻറല്ലേ ? നിയമസഭയുടെ റിക്കാർഡിൽ ആരാണാ മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly